"ഭരണഭാഷ–മാതൃഭാഷ"

ഇ13–26/16

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം,
തീയതി:02.03.2016

## സർക്കുലർ

**വിഷയം:** പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റത്തിന് സീനിയർ ക്ലാർക്കുമാരിൽ നിന്നും ഓപ്ഷൻ ക്ഷണിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നു.

**സൂചന:**
1. സർക്കാരിന്റെ 26.06.2009–ലെ ജി.ഒ.(എം.എസ്)118/2009/തസ്വഭവ നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 06.02.2013–ലെ ജി.ഒ.(എം.എസ്.)50/2013/തസ്വഭവ നമ്പർ ഉത്തരവ്.
3. ഈ ആഫീസിലെ 20.04.2013–ലെ ഇ13–3909/2012 നമ്പർ സർക്കുലർ.
4. ഈ ആഫീസിലെ 11.07.2014–ലെ ഇ8–37816/10 നമ്പർ ഉത്തരവ്.
5. ഈ ആഫീസിലെ 03.02.2016–ലെ ഇ5–24300/13 നമ്പർ ഉത്തരവ്.

.......

സൂചന (1), (2) ഉത്തരവുകൾ പ്രകാരം സൃഷ്ടിക്കപ്പെട്ട അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സൂചന (3) സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം സീനിയർ ക്ലാർക്കുമാരിൽ നിന്നും താത്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആണ് താൽക്കാലിക സ്ഥാനക്കയറ്റം നടത്തി വരുന്നത്. സൂചന (3) പ്രകാരം താത്പര്യപത്രം നൽകിയവരുടെ പട്ടികയിലെ എല്ലാവർക്കും പ്രൊമോഷൻ നൽകിയതിനാൽ സൂചന (4), (5) സീനിയോറിറ്റി പട്ടികകളിലുൾപ്പെട്ട സീനിയർ ക്ലാർക്കുമാരിൽ നിന്നും നിശ്ചിത പ്രൊഫോർമയിലുള്ള അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റത്തിന് താത്പര്യപത്രം ക്ഷണിക്കുന്നു. ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന നിശ്ചിത പ്രൊഫോർമയിലുള്ള താത്പര്യപത്രം ബന്ധപ്പെട്ട ഓഫീസ് മേധാവികൾ മേലൊപ്പ് രേഖപ്പെടുത്തി 09.03.2016–ന് മുമ്പായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പ്രസ്തുത പട്ടിക സീനിയോറിറ്റി ക്രമത്തിൽ ക്രോഡീകരിച്ച് 11.03.2016–ന് മുമ്പായി പ്രത്യേക ദൂതൻ മുഖാന്തിരം ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. യാതൊരു കാരണവശാലും മേൽ സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതല്ല.

മേൽ നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ജീവനക്കാരെയും യഥാസമയം അറിയിച്ച് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)
എസ്.ലത
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

സി.എൻ/2.3.16.

## അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് താത്കാലിക പ്രൊമോഷൻ നൽകുന്നതിനുള്ള ഓപ്ഷൻ ഫാറം

| | | |
|---|---|---|
| 1. | ജീവനക്കാരന്റെ പേര് | |
| 2. | ഇപ്പോഴത്തെ തസ്തികയും ഓഫീസ് മേൽവിലാസവും | |
| 3. | ജനന തീയതി | |
| 4. | യു.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നമ്പർ | |
| 5. | താമസിക്കുന്ന ജില്ലയും ബ്ലോക്കും | |

### സത്യപ്രസ്താവന

............................... ഗ്രാമപഞ്ചായത്തിൽ/ഓഫീസിൽ നിലവിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന എനിക്ക് സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പ്രകാരം ഹെഡ്ക്ലാർക്ക് തസ്തികയിൽ റെഗുലർ പ്രൊമോഷൻ ലഭിക്കുന്നതുവരെ അക്കൗണ്ടന്റ് തസ്തികയിൽ താത്കാലിക സ്ഥാനക്കയറ്റം ലഭിച്ചാൽ ആയത് സ്വീകരിച്ചുകൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

(ഒപ്പ്)

സ്ഥലം:

തീയതി:

ഓഫീസ് മേധാവിയുടെ മേലൊപ്പ്